# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2851** 18.08.2017-ന് മറുപടിയ്ക്ക്

**<u>തൃശ്ശൂർ - വാടാനപ്പള്ളി സംസ്ഥാനപാത വികസനം</u>**

**ചോദ്യം**
**ശ്രീ. മുരളി പെരുനെല്ലി**

**ഉത്തരം**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)**

(എ) തൃശ്ശൂർ - വാടാനപ്പള്ളി സംസ്ഥാനപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹിക ആഘാത പഠനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ) യും (ബി) യും തൃശ്ശൂർ - വാടാനപ്പള്ളി സംസ്ഥാനപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 11/05/2017-ൽ യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം സ്ഥലമേറ്റെടുക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുകയുണ്ടായി. പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർ (ഏറ്റേടുക്കേണ്ട സ്ഥലം 200 ആർസിൽ കുറവായതിനാൽ) സാമൂഹ്യാഘാത പഠനം നടത്തുന്നതിനുള്ള ഏജൻസിയെ കണ്ടെത്തി 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ